## വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(സാന്നിദ്ധ്യം അനുപമ.റ്റി.വി., ഐ.എ.എസ്സ്)**

ഉത്തരവ് നമ്പർ WEC-5/12846/20 തീയതി 24.02.2021

വിഷയം: വനിതാ ശിശു വികസന വകുപ്പ്- തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമം(തടയൽ, നിരോധിക്കൽ, പരിഹാരം) നിയമം 2013- മാസ്റ്റർ ട്രെയിനേഴ്സ് ഓൺ ലൈൻ ട്രെയിനിംഗ് -26/02/21 &27/02/21 തീയതികളിൽ സംഘടിപ്പിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു--

പരാമർശം: 12/01/21 തീയതിയിലെ സ.ഉ.(സാധാ).നം.26/2021/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ്

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമം (തടയൽ, നിരോധിക്കൽ, പരിഹാരം) നിയമം 2013 നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി വനിത ശിശു വികസന ഡയറക്ടറേറ്റിനെ നിയമിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനുള്ള ചുമതല വകുപ്പിൽ നിക്ഷിപ്തമാണ്. ഈ നിയമത്തെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അവബോധം നല്കുന്നതിനായി 14 ജില്ലകളിൽ നിന്നും ജില്ലാ വനിതാ ശിശു വികസന ആഫീസർമാർ ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരമുള്ള 151 മാസ്റ്റർ ട്രെയിനേഴ്സിന് 26/02/21 &27/02/21 തീയതികളിൽ പരിശീലനം നല്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട് ശ്രീമതി. സോണിയ ജോർജ്ജും മറ്റു വിദഗ്ധരും രണ്ടു ദിവസത്തെ ഓൺലൈൻ പരിശീലന ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതാണ്.

മേൽസാഹചര്യത്തിൽ, 2013 ലെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമം (തടയൽ, നിരോധിക്കൽ, പരിഹാരം) എന്ന നിയമത്തെക്കുറിച്ച് 26/02/21 &27/02/21 തീയതികളിൽ ഓൺലൈനായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ അനുബന്ധമായി ചേർത്തിരിക്കുന്ന മാസ്റ്റർ ട്രെയിനർമാരെ പങ്കെടുപ്പിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

പരിശീലനം സിദ്ധിച്ച മാസ്റ്റർ ട്രെയിനർമാർ 28/02/21 മുതൽ 20 /03/21 വരെ ബന്ധപ്പെട്ട ജില്ലകളിലെ ഇന്റേണൽ/ലോക്കൽ കമ്മിറ്റികൾ/നോഡൽ ആഫീസർമാർക്ക് ഓൺലൈനായി പരിശീലനം നല്കേണ്ടതാണ്.

സ്ത്രീകളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് പരാമർശ പ്രകാരം 60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

മാസ്റ്റർ ട്രെയിനർമാർക്ക് പരിശീലനം നല്കുന്നതിനായി റിസോഴ്സ് പേഴ്സൺസിന് ഹോണറേറിയം ഇനത്തിൽ 8000/- രൂപ/- (എണ്ണായിരം രൂപ മാത്രം) (Rs.2000X4X 1 Day) ഡയറക്ടേറ്റ് തലത്തിൽ അനുവദിക്കുന്നതിനും , ഇപ്രകാരം ജില്ലാതല ഓൺലൈൻ പരിശീലന പരിപാടി ഇന്റേണൽ/ലോക്കൽ കമ്മിറ്റികൾ/നോഡൽ ആഫീസർമാർക്ക് ഓൺലൈനായി പരിശീലനം നല്കുന്നതിനായി ഒരു ബാച്ച് പരിശീലന പരിപാടിയ്ക്ക് 8,000/- രൂപ നിരക്കിൽ 10 ബാച്ച് പരിശീലനം നല്കുന്നതിന് ഒരു ജില്ലയ്ക്ക് 80,000/- രൂപ വീതം 14 ജില്ലകൾക്ക് 11,20,000/-രൂപയും ഉൾപ്പെടെ ആകെ 11,28,000/-(പതിനൊന്നു ലക്ഷത്തി ഇരുപത്തി എണ്ണായിരം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-103-68-(02)(P)

ശീർഷകത്തിൽ നിന്നും അനുവദിച്ചുത്തരവാകുന്നു. ജില്ലാതല ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് 11,20,000/- രൂപയിൽ നിന്നും ഓരോ ജില്ലാ വനിതാ ശിശു വികസന ആഫീസരുടെ പേർക്കും 80,000/-രൂപ വീതം അനുവദിച്ചുത്തരവാകുന്നു. (Rs.2000x4 R.Px10 Training).

ജില്ലാ വനിതാ ശിശു വികസനമാർ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതും, അനുവദിക്കുന്ന തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

(ഒപ്പ്)
വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശു വികസന ആഫീസർമാർക്കും

പകർപ്പ് പകർപ്പ്

1. സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിനായി)
2. സൂപ്രണ്ട്, ബി സെക്ഷൻ
3. ഫയൽ/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Sindu

സൂപ്രണ്ട്